പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3289 — 14.10.2011 ൽ മറുപടിയ്ക്ക്

## മോഡൽ സെക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) 1998 99 കാലയളവിൽ ടാസ്ക് ഫോഴ്സ് ശുപാർശ പ്രകാരം നടത്തിയ പരിഷ്കാരത്തിൽ എത്ര ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ മോഡൽ സെക്ഷനുകളാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;<br>(ബി) ഏതെല്ലാം സെക്ഷനിൽ പ്രസ്തുത പരിഷ്കാരം നടപ്പാക്കാനുണ്ട് ; വിശദാംശങ്ങൾ നൽകാമോ ; | (എ) & (ബി) 2011 ജനവരി ഒന്ന് മുതൽ അന്ന് നിലവിലുണ്ടായിരുന്ന 665 സെക്ഷൻ ഓഫീസുകളും മോഡൽ സെക്ഷനുകളാക്കി മാറ്റിയിട്ടുണ്ട്. അതിനുശേഷം പുതുതായി 32 സെക്ഷൻ ഓഫീസുകൾ കൂടി അനുവദിച്ചിട്ടുണ്ട്. |
| (സി) മുൻസർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന പ്രസ്തുത മോഡൽ സെക്ഷന്റെ പോരായ്മകൾ ഏതെങ്കിലും സംഘടനകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ ; എങ്കിൽ ആരെല്ലാമെന്ന് വ്യക്തമാക്കാമോ ; | (സി) ഉണ്ട്. മോഡൽ സെക്ഷന്റെ നടത്തിപ്പിലെ പോരായ്മകളും പരിഹാര നിർദ്ദേശങ്ങളും ഇലക്ട്രിസിറ്റി ബോർഡിലെ വിവിധ സംഘടനകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.<br>1.കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ<br>2.കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ<br>3.കെ.എസ്.ഇ.ബി ഓഫീസേഴ്സ് കോൺഗ്രസ്<br>4.കെ.എസ്.ഇ.ബി എൻജിനീയേഴ്സ് അസോസിയേഷൻ<br>5.കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ<br>6.കെ.എസ്.ഇ.ബി. പെറ്റി കോൺട്രാക്ടേഴ്സ് & കാഷ്വൽ ലൈൻ വർക്കേഴ്സ് യൂണിയൻ<br>7.എനർജി കൺസർവേഷൻ സൊസൈറ്റി (ECS) |

(....2)

| | | |
|---|---|---|
| | | 8.ഫോറം ഫോർ കൺസ്യൂമർ ജസ്റ്റിസ് തുടങ്ങിയ സംഘടനകൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | മോഡൽ സെക്ഷനുകളെക്കുറിച്ച് (ഡി) ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | മോഡൽ സെക്ഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ രേഖകൾ കാലാകാലങ്ങളിൽ നൽകി വരുന്നു. ബ്രേക്ക് ഡൗൺ വിഭാഗത്തിൽ ഉള്ള സ്റ്റാഫിനെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് പരാതികൾ പരിഹരിക്കുന്നതിനായി അയയ്ക്കുക, മെയിന്റനൻസ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, പ്രതിമാസ മെയിന്റനൻസ് ഷെഡ്യൂൾ തയ്യാറാക്കുകയും അറ്റകുറ്റ പണികൾ യഥാസമയം പൂർത്തിയാക്കുക എന്നീ നടപടികൾ ഇതിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ